# അക്കാദമിക മാസ്റ്റർ പ്ലാൻ

## എ.എൽ.പി. എസ്

## കാടങ്കോട് ഇസ്ലാമിയ

## 2025 - 2026

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് → എ എൽ പി എസ് കാടങ്കോട് ഇസ്ലാമിയ

വില്ലേജ് → ചെറുവത്തൂർ

വാർഡ് → XIV

വിദ്യാഭ്യാസ ജില്ല → കാഞ്ഞങ്ങാട്

സബ് ജില്ല → ചെറുവത്തൂർ

ബ്ലോക്ക് → നീലേശ്വരം

പ്രധാനാധ്യാപിക →

എസ്. എം. സി ചെയർമാൻ → റിയാസ്. ടി.വി

പി. ടി. എ പ്രസിഡന്റ് → ഫൗസിയ. എം

മദർ പി. ടി. എ പ്രസിഡന്റ് → ദീപ

ഇ മെയിൽ → 12520alpskadankode@gmail.com

# ഉള്ളടക്കം


1) ആമുഖം

2) ചരിത്രം

3) അവസ്ഥാവിശകലനം

4) കാഴ്ചപ്പാട്

5) അക്കാദമിക പ്രവർത്തനങ്ങളും വിശദാംശങ്ങളും

6) ഉപസംഹാരം

## ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ മുഴുവൻ പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളും ശക്തിപ്പെടുത്തുക എന്നതും മുഴുവൻ കുട്ടികളും പൊതുവിദ്യാഭ്യാസ സംവിധാനത്തെ പ്രയോജനപ്പെടുത്തുക എന്നതും ലക്ഷ്യമിടുന്നു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടിയുടെ സമഗ്രവികസനമാണ്. മികവിന്റെ കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ മാറണം. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, സാമൂഹ്യ-രാഷ്ട്രീയ, സാംസ്കാരിക- സന്നദ്ധ സംഘടനാ പ്രവർത്തകർ, സർക്കാർ എന്നിവരുടെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരത്തിലുള്ള ഒരു പദ്ധതി നടപ്പിലാക്കാൻ കഴിയൂ. ഈ വർഷം ഞങ്ങളുടെ സ്കൂളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

# സ്കൂളിന്റെ ചരിത്രം

കാസർഗോഡ് ജില്ലയുടെ തെക്കുഭാഗത്ത് ചെറുവത്തൂർ ഗ്രാമപഞ്ചായത്തിലെ പടിഞ്ഞാറൻ പ്രദേശമായ സാമ്പത്തികമായി ഏറെ പിന്നോക്കം പോയ കാടങ്കോട് എന്ന കൊച്ചുഗ്രാമത്തിൽ 1937 ൽ എ. സി. അബ്ദുള്ള എന്ന മഹാനായ മനുഷ്യസ്നേഹി ന്യൂനപക്ഷങ്ങളുടെയും പിന്നോക്കക്കാരുടെയും ഉയർത്തെഴുന്നേൽപ്പിന് വേണ്ടി ഒരു പാഠശാല ഉണ്ടാക്കി. ഈ പാഠശാലയാണ് ഇന്നത്തെ നിലയിൽ കാണുന്ന എ.എൽ.പി.എസ് കാടങ്കോട് ഇസ്ലാമിയ

ഈ പ്രദേശത്ത് ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് സ്കൂൾ സ്ഥാപിതമാകുന്നത് വരെ ഈ വിദ്യാലയം മാത്രമാണ് ആ നാടിന് അനുഗ്രഹമായിരുന്നതെങ്കിലും രക്ഷിതാക്കളിൽ ഇംഗ്ലീഷ് മീഡിയം ഒരു പുത്തൻ അവേശമായതോടെ ഈ സ്ഥാപനത്തിന്റെ ശനിദശ ആരംഭിച്ചു. വർഷംതോറും കുട്ടികൾ കുറയാൻ ഇത് കാരണമായി. രാജ്യത്ത് കൊറോണ മഹാമാരി വന്നപ്പോൾ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയത്തിൽ നിന്നും കുട്ടികൾ വന്നു. അപ്പോൾ 1 മുതൽ 4 ാം ക്ലാസ് വരെ ഓരോ ഡിവിഷൻ കിട്ടി. 2023-24ൽ കുട്ടികൾ അവിടേക്ക് തന്നെ തിരിച്ചു പോവാൻ തുടങ്ങി. എത്ര ബോധവത്ക്കരണം കൊടുത്താലും അൺ എയ്ഡഡ് സ്കൂളിനോടാണ് രക്ഷിതാക്കൾക്ക് കൂടുതൽ താത്പര്യം.

# അവസ്ഥാ വിശകലന റിപ്പോർട്ട്

എ.എൽ.പി.എസ് കാടങ്കോട് ഇസ്ലാമിയ റോഡിന്റെ മുന്നാമത്തിലാണ് അതിന്റെ ഭാഗമായി പി.ടി.എ. സ്കൂൾ സംരക്ഷണ സമിതി എന്നിവരിൽ നിന്നും എസ്.എസ്.കെ യിൽ നിന്നും ലഭിച്ച ഫണ്ടുകൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ ഓരോ ക്ലാസിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം താഴെ പട്ടികയിൽ ചേർക്കുന്നു.

| 2025 - 2026 | |
|---|---|
| ക്ലാസ്സ് | കുട്ടികളുടെ എണ്ണം |
| I | 4 |
| II | 23 |
| III | 10 |
| IV | 17 |
| ആകെ | 54 |

അഞ്ച് മുറികളിലായാണ് പ്രവർത്തിക്കുന്നത്. എല്ലാ ക്ലാസ് മുറികളിലും ടൈൽസ് പതിപ്പിച്ചിട്ടുണ്ട്. രണ്ട് ക്ലാസ് മുറിയിൽ പ്രൊജക്ടർ വച്ചിട്ടുണ്ട്. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ടോയ്ലറ്റ് സൗകര്യം ഉണ്ട്. കുടിവെള്ളത്തിന് കുഴൽക്കിണർ സൗകര്യം ഉണ്ട്. ഗ്യാസ് അടുപ്പോടുകൂടിയ പാചകമുറിയുണ്ട്. അഞ്ച് അധ്യാപകർ. ഒരു പാചകതൊഴിലാളി.

# കാഴ്ചപ്പാട്

2026 ആകുമ്പോഴേക്കും നമ്മുടെ വിദ്യാർത്ഥികളുടെ അക്കാദമികവും സർഗ്ഗാത്മകവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള കേന്ദ്രമാക്കി വിദ്യാലയത്തെ മാറ്റുന്നതിനുള്ള പദ്ധതിയാണ് സമഗ്ര ഗുണമേന്മ പദ്ധതി 2025.

## ലക്ഷ്യങ്ങൾ

1) സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക.

2) നാലാം ക്ലാസ് കഴിയുമ്പോഴേക്കും സ്കൂളിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കി മാറ്റുക.

3) വായനയിലും ലേഖനത്തിലും ചതുഷ്ക്രിയകളിലും മികച്ച മാറ്റങ്ങളുണ്ടാക്കുക.

4) വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പ്രയോഗിക്കാൻ കഴിവ് നേടുക.

5) കുട്ടികളുടെ സർഗ്ഗപരവും അക്കാദമിക പരവും കായിക പരവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.

6) സ്വന്തമായി കളിസ്ഥലവും ജൈവവൈവിധ്യ പാർക്കും ഉണ്ടാക്കുക.

7) പ്രകൃതി സൗഹൃദ വിദ്യാലയാന്തരീക്ഷം എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കുക.

8) ഭാഷയുമായി ബന്ധപ്പെട്ട ഐ, സി.ടി. സാധ്യത സജ്ജീകരിക്കുക.

9) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

10) എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.

| | |
|---|---|
| വായന മാതൃഭാഷാ വികാസം | വായന പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വായന കാർഡ്, ബാലമാസികകൾ, പത്രം എന്നിവ വായിക്കാനവസരം നൽകുന്നു. ഐ സിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ, ലൈബ്രറി ശാക്തീകരണം വായനക്കുറിപ്പ് തയ്യാറാക്കൽ, നോട്ടീസ് തയ്യാറാക്കൽ, വായനക്കുറിപ്പുകൾ., ഡയറിക്കുറിപ്പുകൾ |
| ഇംഗ്ലീഷ് | എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി വർദ്ധിപ്പിക്കുക. കമ്യൂണിക്കേഷൻ സ്കിൽ വികസിപ്പിക്കുന്നതിന് വിദഗ്ധരെ പ്രയോജനപ്പെടുത്തൽ, ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ, ന്യൂസ്പേപ്പർ, സ്റ്റോറി ചാർട്ട് വർക്ക്ഷീറ്റ്. |
| ഗണിതം. | ഗണിതകേളികൾ, ഗണിതോപകരണങ്ങൾ ഉപയോഗപ്പെടുത്തൽ, ഗണിതച്ചാർട്ടുകൾ, ചിത്രങ്ങൾ, [illegible], പസിലുകൾ എന്നീ പ്രവർത്തനങ്ങളിലൂടെ ഗണിതശേഷി വർദ്ധിപ്പിക്കൽ. |
| പരിസരപഠനം | ഫീൽഡ്ട്രിപ്പ്, ശാസ്ത്രലാബ് വിപുലീകരണം, ജൈവ ഉദ്യാനം പ്രയോജനപ്പെടുത്തൽ, പതിപ്പുകൾ, ദിനാചരണം, ഗ്രീൻപ്രോട്ടോക്കോൾ. |
| പ്രവൃത്തിപരിചയം. | ശില്പശാലകൾ, മേളകൾക്ക് പരിശീലനം, വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വിദഗ്ധരെ പ്രയോജനപ്പെടുത്തൽ. |
| കല | പരമാവധി കുട്ടികളെ മേളയിൽ പങ്കെടുപ്പിക്കുന്നുള്ള പരിശീലനം നൽകൽ, ബാലസഭ, ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ, |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| മാതൃഭാഷ<br>പിന്നാക്കക്കാർക്കുള്ള പ്രവർത്തനങ്ങൾ, ലൈബ്രറി, വായനക്കുറിപ്പ്, ചിത്രവായന, മാധ്യമക്വിസ്, ബാലമാസികകൾ, ഐ.സി.ടി വർക്ക്ഷീറ്റ്, പതിപ്പുകൾ, ദിനാചരണം, ഡയറിക്കുറിപ്പ്, നോട്ടീസ് | ഡൈനിങ്ങ് ഹാൾ, ചുറ്റുമതിൽ കളിസ്ഥലം. | PTA, CPTA, SMC, SMDC, വികസനസമിതി കാര്യക്ഷമമാക്കൽ, ക്ലബ്ബുകളുടെ പങ്കാളിത്തം, പൂർവ്വവിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ഇംഗ്ലീഷ്<br>കമ്യൂണിക്കേഷൻ സ്കിൽ, ഐ.സി.ടി, ന്യൂസ്പേപ്പർ വർക്ക്ഷീറ്റ്, പതിപ്പ് | | |
| ഗണിതം<br>ഗണിതക്വിസ്, ഗണിതോപകരണങ്ങൾ, ഗണിതകേളികൾ, ഗണിതചിത്രങ്ങൾ, വർക്ക്ഷീറ്റ്, | | |
| പരിസരപഠനം<br>ഫീൽഡ്ട്രിപ്പ്, ശാസ്ത്രലാബ്, ജൈവവൈവിധ്യ ഉദ്യാനം പ്രയോജനപ്പെടുത്തൽ, പോർട്ട്ഫോളിയോ, പതിപ്പുകൾ, ദിനാചരണം, ഗ്രീൻപ്രോട്ടോക്കോൾ | | |
| പ്രവൃത്തിപരിചയം<br>ശിൽപശാലകൾ, മേളകൾക്കുള്ള പരിശീലനം, വിദഗ്ധരെ പ്രയോജനപ്പെടുത്തൽ. | | |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| <u>കല</u><br>മേളകളിൽ പങ്കാളിയായി കുട്ടികൾക്ക് പരിശീലനം, ബാലസഭ, ഐ.സി.ടി സാധ്യതകൾ (പഠനം) ഉപയോഗപ്പെടുത്തൽ | | |
| <u>കായികം</u><br>മാസ്ഡ്രിൽ, പോഷകാഹാരം, കളിസ്ഥലം, കായികോപകരണങ്ങൾ | | |
| <u>അസംബ്ലി</u><br>ആഴ്ചയിൽ രണ്ടുദിവസം അസംബ്ലി. ഇംഗ്ലീഷ് അസംബ്ലി, പത്രവായന, ഡയറിവായന, വായനക്കുറിപ്പ് | | |
| <u>ജൈവവൈവിധ്യ ഉദ്യാനം</u><br>ശലഭോദ്യാനം, പച്ചക്കറിത്തോട്ടം, ഔഷധസസ്യങ്ങൾ, മാലിന്യ സംസ്കരണം, ചെടികൾ പട്ടികപ്പെടുത്തൽ | | |
| | | |

## ഭൗതികം

<u>നേട്ടം</u> – 1 മുതൽ 4 വരെ ക്ലാസുകളിൽ ഓരോ ഡിവിഷനുണ്ട്. ഓഫീസ് അടക്കം 5 ക്ലാസ് റൂമിന് പര്യാപ്തമായ കെട്ടിടമുണ്ട്. രണ്ട് ക്ലാസ്റൂമുകൾ സ്മാർട്ട് റൂമുകളാക്കിയിട്ടുണ്ട്. എല്ലാ ക്ലാസ് റൂമും ടൈൽ പാകിയതാണ്. ബെഞ്ചുകൾ, ഡസ്ക് ശിശുസൗഹൃദ നിറം നൽകി ചുമരുകളും പെയിന്റ് ചെയ്തിട്ടുണ്ട്. ഉച്ച ഭോജന ശാല ഒരുക്കിയിട്ടുണ്ട്.
2023-24 ൽ വാഷ്ബേസിൻ, വാട്ടർ പ്യൂരിഫയർ കിണറിന്റെ ഉയരം ഉണ്ടാക്കിയിട്ടുണ്ട്.

<u>കോട്ടം</u> - ലൈബ്രറി, കമ്പ്യൂട്ടർ ലാബ് പോലുള്ള മുറികളില്ല. സയൻസ് ലാബില്ല.

## അക്കാദമികം

അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന ആശയം വഴി മികച്ച അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്താറുണ്ട്. ദിനാചരണങ്ങൾ, ക്വിസ് മത്സരങ്ങൾ, കലാ-കായിക പ്രവൃത്തി പരിചയ മേളകൾ എന്നിവയിൽ പങ്കെടുപ്പിക്കുന്നതും മികച്ച നിലവാരം പുലർത്തുന്നതുമാണ്. എല്ലാ വർഷവും മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ച് വാർഷികം നടത്താറുണ്ട്.

## സാമൂഹികം

**നേട്ടം** – മികച്ച സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തുന്നുണ്ട്. നാട്ടിലെ ക്ലബ്ബുകളുടെയും വിദഗ്ധരുടെയും സേവനം തേടാറുണ്ട്. PTA, CPTA, SMC സ്കൂൾ വികസന സമിതി എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

**കോട്ടം** – സ്കൂളിന് പ്രവർത്തനം മെച്ചമായി ഫണ്ട് സ്വരൂപിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ - മലയാളം

പ്രവർത്തനം - മലയാളം മധുരം തുടർപ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക. | നാലാം ക്ലാസ് പ്രീടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകൽ അക്ഷരകാർഡ്, വായനകാർഡ്, ആകർഷകമായ പുസ്തകങ്ങൾ ഇവ നൽകി വായനയിൽ താൽപര്യം ഉണ്ടാക്കുന്നു. പ്രത്യേക ക്ലാസുകൾ നൽകുന്നു. പോസ്റ്റ് ടെസ്റ്റ് നൽകുന്ന പരിഹാരബോധനത്തിനുശേഷം കുട്ടികളെ വിലയിരുത്തുന്നു. വായനക്കാർഡ്, മാസിക, ലൈബ്രറി എന്നിവ നൽകി കുട്ടികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നു. സ്വതന്ത്ര വായനക്കാരാക്കുന്നു. | ജൂൺ മുതൽ ഒക്ടോബർ | Teachers PTA | 5000 |

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിൽ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിലെത്തിക്കൽ | ഫ്ലാഷ് കാർഡുകൾ, വർക്ക് ഷീറ്റുകൾ, ചാർട്ടുകൾ എന്നിവ പ്രയോജനപ്പെടുത്തി പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം മലയാളത്തിലും പ്രവർത്തനം ചെയ്യുന്നു. | ജൂൺ മുതൽ ആഗസ്റ്റ് വരെ | അധ്യാപകർ | 2000 |

മേഖല - അക്കാദമികം

ഉപമേഖല - മലയാളം

പ്രവർത്തനം - പതിപ്പ് നിർമാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനത്തിലൂടെ ഭാഷണത്തിലൂടെയും നേടിയ അറിവിന്റെ പ്രകാശനം | പാഠഭാഗവുമായി ബന്ധപ്പെട്ടും അല്ലാത്തതുമായ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പ് നിർമിക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നു. ഇവയിൽ പരിചയപ്പെടുത്തൽ, പുസ്തക പരിചയം, ICT സാധ്യത, ഫോട്ടോ ശേഖരണം | പ്രതിമാസം | അധ്യാപകർ | 5000 |

| | | | | |
|---|---|---|---|---|
| | കവിതാ രചനകൾ തുടങ്ങിയ പ്രവർത്തനങ്ങൾ<br>അസംബ്ലിയിൽ കുട്ടികളുടെ ശേഷികൾ പ്രകടിപ്പിക്കാൻ അവസരം, പത്രവാർത്ത ഡയറി വായന, നാടൻപാട്ടുകൾ എന്നിവയുടെ അവതരണം. | | | |
| ക്ലാസ് ലൈബ്രറി വികസനവും വായന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തലും | ക്ലാസിലേക്ക് ആവശ്യമായ വിവിധ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ, ക്ലാസ്സ് ലൈബ്രറി- ഒരുക്കൽ സൂക്ഷിപ്പ്, വിതരണം, ചുമരിലെ ഒട്ടിക്കൽ, സ്കൂൾ ലൈബ്രറിയിൽ ലഭ്യമായ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ.<br>പുസ്തക പ്രദർശനം<br>കയ്യെഴുത്ത് മാസിക പ്രകാശനം | ജൂലൈ മുതൽ മാർച്ച് വരെ | Class teacher<br>HM | 5000 |

മേഖല - അക്കാദമികം ഉപമേഖല - ഗണിതം

പ്രവർത്തനം - പഠനനിലവാരം ഉയർത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കൽ | പ്രീടെസ്റ്റ് നടത്തി പഠനനില കണ്ടെത്തുന്നു. പരിഹാരബോധനം നടത്തുന്നു ഫ്ലാഷ് കാർഡ്, വർക്ക്ഷീറ്റ്, മാച്ചിംഗ് കാർഡ്, പസിൽ എന്നിവ ഉപയോഗിക്കുന്നു. | ജൂൺ | ക്ലാസ്ടീച്ചർ | 1000 |
| ചുറ്റുവട്ടത്തും ഗണിതമുണ്ട് ഗണിതത്തിലെ അടിസ്ഥാന ശേഷി വികസിപ്പിക്കുന്നതിനായി പ്രകൃതിയിൽ നിന്നുള്ള വസ്തുക്കൾ പ്രയോജനപ്പെടുത്തൽ | പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന മഞ്ചാടി ശേഖരിക്കുന്നു, ഇവയിൽ കൂട്ടുകൾ എണ്ണി ശേഖരിച്ച് ചതുഷ്ക്രിയകളുടെ പഠനത്തിന് ഉപയോഗിക്കുന്നു. | ജൂൺ മുതൽ മാർച്ച് | അധ്യാപകർ SSG | |
| വർക്ക്ഷീറ്റ് നിർമ്മാണ ശില്പശാല ഗണിതപഠനം കുട്ടികൾക്ക് ലളിതവും രസകരവുമാക്കൽ | നിർമ്മാണ ശില്പശാല - പാഠഭാഗങ്ങൾ അനുസൃതമായി അധികപ്രവർത്തനം നൽകുന്ന വർക്ക്ഷീറ്റ് തയ്യാറാക്കൽ ഗണിതത്തോട് പ്രിയമേറാം. | 2 ആഴ്ച | SSG PTA | 10,000 |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഗണിതപഠനം സുഗമവും രസകരവും ആക്കുന്നതോടൊപ്പം കാര്യശേഷികളുടെ വികാസം. | ജിഗ്സോ പസിൽ, കളികൾ [illegible], നീളം, ഉയരം, ഭാരം എന്നി വിവിധതരം അളവുകളും നാണയങ്ങളും, കറൻസികൾ എന്നിവ ഉൾപ്പെടുത്തി ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. | | പഞ്ചായത്ത് SSK | 5000 |

## മേഖല – അക്കാദമികം – ഉപമേഖല – പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രലാബ് സജ്ജീകരിക്കൽ | ശാസ്ത്രലാബ് നിർമ്മിച്ച് ഉപകരണങ്ങൾ ഇനം തിരിച്ച് ക്രമീകരിക്കൽ. | വർഷത്തിൽ ഉടനീളം | സയൻസ് ക്ലബ് | 5000 |
| ഫീൽഡ് ട്രിപ്പ്<br>ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തൽ പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വളർത്തൽ | കൃഷിയെക്കുറിച്ച് അടുത്തറിയാനും പ്രകൃതി നിരീക്ഷണത്തിന് ഉതകുന്ന യാത്രകൾ സംഘടിപ്പിക്കൽ.<br>പാഠഭാഗവുമായി ബന്ധപ്പെട്ട് നിർമ്മാണ ശാലകൾ, തൊഴിലിടങ്ങൾ എന്നിവ സന്ദർശിക്കൽ. | ആവശ്യാനുസരണം. | SSG<br>സയൻസ് ക്ലബ് | 5000 |

മേഖല - അക്കാദമികം - ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക. എല്ലാ കുട്ടികളെയും ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് വായിക്കാനും സംസാരിക്കാനും പ്രാപ്തരാക്കൽ. | പ്രിടെസ്റ്റ് നടത്തി പഠനിലവാരം കണ്ടെത്തുന്നു. അക്ഷരകാർഡ് ഉപയോഗിച്ച് വാക്ക് നിർമ്മാണം, വർക്ക്ഷീറ്റ് നിർമ്മാണം, പതിപ്പ് നിർമ്മാണം, കഥകളിൽ അനുയോജ്യമായ വാക്കുകൾ കണ്ടെത്തൽ, ക്രമപ്പെടുത്തൽ തുടങ്ങി പ്രവർത്തനങ്ങൾ ചെയ്യുന്നു. ഇംഗ്ലീഷ് കോർണറിൽ മാച്ചിംഗ് കാർഡ്, ചാർട്ടുകൾ എന്നിവ സജ്ജീകരിക്കുന്നു. ഈ പ്രവർത്തനങ്ങളുടെ ഭാഗമാകുന്ന പതിപ്പ് രൂപീകരണം. | ജൂൺ – മാർച്ച് | SRG PTA അധ്യാപകർ | 10000 |

| | | | | |
|---|---|---|---|---|
| സർഗാത്മക വികസനം | ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത, സി.ഡി എന്നിവ സജ്ജീകരിക്കൽ, സാങ്കേതിക വിദ്യാ സാധ്യതകൾ ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തു | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ | 5000 |

മേഖല - പ്രവൃത്തി പരിചയം
പ്രവർത്തനം - ശില്പശാല, ട്രെയിനിങ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കൽ - സമഗ്ര വികസനത്തിന് പ്രാപ്തരാക്കൽ. | പഠനമായി കുട്ടികളെ പ്രവൃത്തി പരിചയ മേളകളിൽ പങ്കെടുപ്പിക്കൽ. വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വിദഗ്ധരെ പ്രയോജനപ്പെടുത്തൽ ചന്ദനത്തിരി നിർമ്മാണം, സോപ്പ് നിർമ്മാണം | ജൂൺ - മുതൽ ജനുവരി | പിടിഎ SSG | 10000 |
| സാമൂഹിക പങ്കാളിത്തം ബോധവൽക്കരണം | വാർഷികവുമായി ബന്ധപ്പെട്ട് കുട്ടികളുടെ കലാപരിപാടികൾ സംഘടിപ്പിക്കുന്നു. | വർഷാവസാനം | പിടിഎ SSG | |
| പാഠ്യേതര പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | പി.ടി.എ ജനറൽ ബോഡി രക്ഷാകർതൃ പരിശീലനം സംഘടിപ്പിക്കൽ | 3 മാസത്തിലൊരിക്കൽ | | 20000 |
| | സി.പി.ടി.എ ഓരോ മാസവും യോഗം ചേർന്ന് ഇത് പ്രവർത്തനം അവലോകനം ചെയ്യുന്നു. പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നു. പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | മാസം തോറും | Class teacher | |

## ഉപസംഹാരം

"പൊതുവിദ്യാലയം മികവിന്റെ കേന്ദ്രമാക്കുക" എന്ന ലക്ഷ്യത്തോടെ തുടങ്ങിയ സമഗ്ര വിദ്യാഭ്യാസ വികസനം പൂർണ്ണതയിലെത്താനും പരിമിതികളെ സാധ്യതകളാക്കാനും വെല്ലുവിളികളെ തരണം ചെയ്യാനും അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുന്നു.